2024 JUNE 29 SATURDAY

# സൊസൈറ്റി ടുഡേ
SOCIETY TODAY

www.societytodaynews.com

E-mail: societytodaynews@gmail.com

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# കേന്ദ്ര സർക്കാരിന്റെ ധനകമ്മി കുറയുന്നു

**കൊച്ചി:**റിസർവ് ബാങ്കിൽ നിന്ന് ലഭിച്ച 2.11 ലക്ഷം കോടി രൂപയുടെ ലാഭവിഹിതം മൂലം നടപ്പു സാമ്പത്തിക വർഷത്തിലെ ആദ്യ രണ്ട് മാസങ്ങളിൽ കേന്ദ്ര സർക്കാരിൻറെ ധന കമ്മി 50,615 കോടി രൂപയായായി കുത്തനെ കുറഞ്ഞു. കംപ്ട്രോളർ ജനറൽ ഒഫ് അക്കൗണ്ട്സിൻറെ കണക്കുകളനുസരിച്ച് ഏപ്രിൽ, മേയ് മാസത്തിൽ ധനകമ്മി നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റ് ലക്ഷ്യത്തിൻറെ മൂന്ന് ശതമാനത്തിലേക്കാണ് താഴ്ന്നത്. മുൻവർഷം ഇതേ കാലയളവിൽ ധന കമ്മി ബജറ്റ് ലക്ഷ്യത്തിൻറെ 11.8 ശതമാനമായിരുന്നു. നികുതി വരുമാനം കൂടിയതിനൊപ്പം കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ലാഭവിഹിതമായി റിസർവ് ബാങ്ക് 2.11 ലക്ഷം കോടി രൂപ നൽകിയതുമാണ് പ്രധാനമായും ധന കമ്മി കുറയ്ക്കാൻ സഹായിച്ചത്.



വരുമാനം ബജറ്റ് ലക്ഷ്യത്തിൻറെ 19 ശതമാനമായി ഉയർന്നപ്പോൾ ചെലവ് ലക്ഷ്യത്തിൻറെ 12.9 ശതമാനമായി താഴ്ന്നു. ഇക്കാലയളവിൽ മൊത്തം വരുമാനം ബജറ്റ് ലക്ഷ്യമായ 12 ശതമാനമായ 3.19 ലക്ഷം കോടി രൂപയായി കുതിച്ചുയർന്നു. മുൻവർഷം ഇതേകാലയളവിൽ വരുമാനം 2.78 ലക്ഷം കോടി രൂപയായിരുന്നു. സർക്കാരിൻറെ മൊത്തം ചെലവ് ബജറ്റ് ലക്ഷ്യത്തിൻറെ 13 ശതമാനമായ 6.23 ലക്ഷം കോടി രൂപയിലേക്ക് താഴ്ന്നു. മുൻവർഷം ഇതേ കാലയളവിലെ ചെലവ് 6.26 ലക്ഷം കോടി രൂപയായിരുന്നു. പൊതു തെരഞ്ഞെടുപ്പ് മൂലം കേന്ദ്ര സർക്കാരിൻറെ മൂലധന നിക്ഷേപത്തിലുണ്ടായ ഇടിവാണ് ചെലവ് കുറയാൻ കാരണം.

മൂന്നാം തവണയും അധികാരം നിലനിറുത്താൻ കഴിഞ്ഞെങ്കിലും ഭൂരിപക്ഷത്തിൽ കുറവുണ്ടായതിനാൽ അടുത്ത മാസം അവതരിപ്പിക്കുന്ന കേന്ദ്ര ബജറ്റിൽ ജനപ്രിയ നടപടികൾ ഏറെയുണ്ടാകുമെന്നാണ് പൊതുവേ പ്രതീക്ഷിക്കുന്നത്. അതിനാൽ ധന കമ്മി ലക്ഷ്യം സർക്കാർ ഉയർത്തിയേക്കുമെന്ന വിലയിരുത്തലും ശക്തമാണ്. സർക്കാരിൻറെ വരവും ചെലവും തമ്മിലുള്ള അന്തരമാണ് ധന കമ്മി. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 16.54 ലക്ഷം കോടി രൂപയായിരുന്നു. മൊത്തം ആഭ്യന്തര ഉത്പാദനത്തിൻറെ 5.6 ശതമാനമായാണ് ഇക്കാലയളവിൽ ധന കമ്മി കുറഞ്ഞത്. വരുമാനം ഉയർത്തിയും ചെലവുകൾ നിയന്ത്രിച്ചുമാണ് മുൻവർഷത്തെ ധന കമ്മി 17.86 ലക്ഷം കോടി രൂപയിൽ നിന്ന് ഗണ്യമായി കുറച്ചത്.



# സൗരോർജ സെൽ നിർമാണം വർധിപ്പിക്കാൻ പദ്ധതി

**കൊച്ചി:** ഇറക്കുമതി ആശ്രയത്വം കുറയ്ക്കാൻ ലക്ഷ്യമിട്ട് സൗരോർജ സെല്ലുകളുടെ ഉത്പാദനം ഗണ്യമായി വർധിപ്പിക്കാൻ കേന്ദ്ര സർക്കാർ പദ്ധതി തയ്യാറാക്കുന്നു. അടുത്ത വർഷം മാർച്ച് 31ന് മുൻപ് സൗരോർജ സെല്ലുകളുടെ ഉത്പാദന ശേഷി അഞ്ചിരട്ടി വർദ്ധിപ്പിച്ച് 30 ജിഗാ വാട്ട്സിൽ എത്തിക്കുമെന്ന് കേന്ദ്ര പാരമ്പര്യേതര ഊർജ മന്ത്രാലയത്തിലെ മുതിർന്ന ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

ഈ മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കാനാണ് പ്രധാന മന്ത്രി നരേന്ദ്ര മോദി നിർദേശം നൽകിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി ചൈനയിൽ നിന്നും സൗരോർജ പാനലുകളും ഘടക ഭാഗങ്ങളും ഇറക്കുമതി നടത്തുന്നതിന് അധിക തീരുവയും സർക്കാരിൻറെ മുൻകൂർ അനുമതിയും നേടണമെന്ന വ്യവസ്ഥ വച്ചിരുന്നു. ഇതോടെ സോളാർ മൊഡ്യൂളുകളുടെ ഉത്പാദനത്തിൽ കഴിഞ്ഞ മാസങ്ങളിൽ മികച്ച വളർച്ച ദൃശ്യമായിരുന്നു. അതേസമയം വൻകിട ഉത്പാദകർ സൗരോർജ പാനലുകൾ നിർമിക്കുന്നതിന് ബാക്ക് എൻഡ് പ്രോഡക്ടുകൾക്കായി ചൈനയെയാണ് ആശ്രയിക്കുന്നത്.

ഇന്ത്യയുടെ വ്യാപാര കമ്മി കുറയ്ക്കാനും സാമ്പത്തിക വളർച്ചയ്ക്ക് ഊർജം പകരുവാനും സൗരോർജ സെല്ലുകളുടെ മേഖലയിൽ നിക്ഷേപം ആകർഷിക്കുന്നതിലൂടെ സാധിക്കുമെന്നാണ് കേന്ദ്ര സർക്കാർ വിലയിരുത്തുന്നത്.

മൊബൈൽ ഫോണുകളുടെ നിർമ്മാണ രംഗത്ത് വിപുലമായ ആനുകൂല്യങ്ങൾ ലഭ്യമാക്കി ആപ്പിൾ ഉൾപ്പെടെയുള്ള വമ്പൻ കമ്പനികളുടെ നിക്ഷേപം ആകർഷിക്കാൻ സാധിച്ചിരുന്നു. സമാനമായ ആനുകൂല്യങ്ങൾ ഉത്പാദന ബന്ധിത പദ്ധതികളിലൂടെ സാരോർജ സെൽ നിർമ്മാണ മേഖലയിലും പ്രഖ്യാപിക്കാനാണ് കേന്ദ്ര സർക്കാർ ഒരുങ്ങുന്നത്.

# 1 ലക്ഷം കോടി കടന്ന് റിലയൻസ് മൂല്യം

## 80,000 തൊടാൻ സെൻസെക്സ്, നിഫ്റ്റിക്കും റെക്കോർഡ്

**മുംബൈ:** തുടർച്ചയായ അഞ്ചാം ദിവസവും നേട്ടത്തിൻറെ പാതയിലേറിയ ഇന്ത്യൻ ഓഹരി സൂചികകൾ ഇന്നും കുറിച്ചത് പുത്തൻ ഉയരം. സെൻസെക്സ് 80,000 പോയിൻറ് എന്ന നാഴികക്കല്ലിലേക്ക് അടുത്തെങ്കിലും തൊട്ടുപിന്നാലെ ലാഭമെടുപ്പ് സമ്മർദം ആഞ്ഞടിച്ചതു വൻ തിരിച്ചടിയായി. ഇന്നൊരുവേള (ഇൻട്രാഡേ) 79,671 എന്ന സർവകാല ഉയരംതൊട്ട സെൻസെക്സ് വ്യാപാരം ഉച്ചയോടെ 25 പോയിൻറ് (0.05%) താഴ്ന്ന് 79,213ലാണുള്ളത്. ബിഎസ്ഇയിലെ ലിസ്റ്റഡ് കമ്പനികളുടെ സംയോജിത വിപണിമൂല്യം 1.79 ലക്ഷം കോടി രൂപ വർധിച്ച് 440.21 ലക്ഷം കോടി രൂപയിലും എത്തിയിരുന്നു; പിന്നാലെ താഴേക്കിറങ്ങി.

നിഫ്റ്റിയും 24,174 എന്ന റെക്കോഡ് ഉയരം തൊട്ടു. നിലവിൽ വ്യാപാരം പുരോഗമിക്കുന്നത് എട്ട് പോയിൻറ് (0.04%) ശതമാനം നഷ്ടവുമായി 24,035ൽ. ടാറ്റാ മോട്ടഴ്സ്, എസ്ബിഐ, എൻടിപിസി, റിലയൻസ് ഇൻഡസട്രീസ്, ടാറ്റാ സ്റ്റീൽ എന്നിവയാണ് സെൻസെക്സിൽ കൂടുതൽ നേട്ടത്തിലുള്ള പ്രമുഖ ഓഹരികൾ.

നിഫ്റ്റിയിൽ ഡോ.റെഡ്ഡീസ്, ഒഎൻജിസി, ടാറ്റാ മോട്ടഴ്സ്, എസ്ബിഐ, ഡിവീസ് ലാബ് എന്നിവ നേട്ടത്തിലും ഭാരതി എയർടെൽ, ആക്സിസ് ബാങ്ക്, ഐസിഐസിഐ ബാങ്ക്, അൾട്രടെക് സിമൻറ്, കൊട്ടക് ബാങ്ക് എന്നിവ നഷ്ടത്തിലും മുന്നിലാണ്. വിശാല വിപണിയിൽ നിഫ്റ്റി സ്മോൾക്യാപ്, മിഡ്ക്യാപ് എന്നിവ 0.81.07 ശതമാനവും എഫ്എംസിജി, ഐടി, ഫാർമ സൂചികകൾ ഒരു ശതമാനം വരെയും നേട്ടത്തിലേറിയെങ്കിലും വിൽപന സമ്മർദമുണ്ട്.



ബിഎസ്ഇയുടെയും നിഫ്റ്റിയുടെയും കഴിഞ്ഞ മൂന്നുവർഷത്തിനിടയിലെ മികച്ച പ്രകടനമാണ് 2024ൻറെ ആദ്യപകുതി (ജനുവരിജൂൺ) പരിഗണിച്ചാലുള്ളത്. ഈവർഷം ഇതുവരെ നിഫ്റ്റി 10.6 ശതമാനവും സെൻസെക്സ് 9.7 ശതമാനവും ഉയർന്നു. ബിഎസ്ഇ മിഡ്ക്യാപ് സൂചിക 25 ശതമാനവും സ്മോൾക്യാപ് സൂചിക 22 ശതമാനവും നേട്ടം ഇക്കാലയളവിൽ സ്വന്തമാക്കി.

ബിഎസ്ഇയിൽ ഏറ്റവും ഉയർന്ന നേട്ടം കൈവരിച്ചത് റിയൽറ്റി സൂചികയാണ് (39%). നിഫ്റ്റി 50ൽ മഹീന്ദ്ര ആൻഡ് മഹീന്ദ്ര (67%), അദാനി പോർട്സ് (45%), ശ്രീറാം ഫിനാൻസ് (44%), ഭാരതി എയർടെൽ (43%) എന്നിവയാണ് ഇക്കാലയളവിൽ നേട്ടത്തിൽ മുന്നിലുള്ള ഓഹരികൾ.

രാജ്യത്തെ ഏറ്റവും മൂല്യമേറിയ ലിസ്റ്റഡ് കമ്പനിയായ റിലയൻസ് ഇൻഡസ്ട്രീസിൻറെ ഓഹരികൾ ഇന്ന് രണ്ട് ശതമാനത്തോളം ഉയർന്ന് 52ആഴ്ചത്തെ ഉയരമായ 3,129 രൂപ വരെ എത്തി. നിലവിൽ 3,114 രൂപനിരക്കിലാണു വ്യാപാരം പുരോഗമിക്കുന്നത്. കമ്പനിയുടെ വിപണിമൂല്യം 21 ലക്ഷം കോടി രൂപയെന്ന നാഴികക്കല്ലും പിന്നിട്ടു. ഈ നേട്ടം കുറിക്കുന്ന ആദ്യ ഇന്ത്യൻ കമ്പനിയാണ് റിലയൻസ്.

മോർഗൻ സ്റ്റാൻലി, ജെഫറീസ് എന്നീ ബ്രോക്കറേജുകളിൽനിന്ന് പോസിറ്റീവ് ഔട്ട്ലുക്ക് സ്റ്റാറ്റസ് കിട്ടിയതും ഉപകമ്പനിയായ ജിയോ താരിഫ് നിരക്കുകൾ കൂട്ടിയതും റിലയൻസ് ഓഹരികളിൽ ഇന്നു നേട്ടത്തിനു വഴിയൊരുക്കുകയായിരുന്നു.

ജൂലൈ മൂന്നിനു പ്രാബല്യത്തിൽ വരുംവിധം മൊബൈൽ റീചാർജ് പ്ലാൻ നിരക്കുകൾ 12.5 മുതൽ 25 ശതമാനം വരെയാണ് ജിയോ കൂട്ടിയത്. ജിയോയുടെ ചുവടുപിടിച്ചു ഭാരതി എയർടെല്ലും ഇന്ന് 11 മുതൽ 21 ശതമാനം വരെ താരിഫ് വർധന പ്രഖ്യാപിച്ചു. എയർടെൽ ഓഹരിയും ഇന്ന് രാവിലെ 10 ശതമാനത്തോളം ഉയർന്ന് 1,225 രൂപവരെ എത്തിയിരുന്നെങ്കിലും നിലവിലുള്ളത് 7.3 ശതമാനം താഴ്ന്ന് 1,098 രൂപയിലാണ്.

# കാൻസർ മരുന്ന് വിപണിയിൽ സർക്കാരിന്റെ നിർണായക ഇടപെടൽ: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** കാൻസർ ചികിത്സയ്ക്കുള്ള മരുന്നുകൾ, അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾക്ക് ശേഷം ഉപയോഗിക്കേണ്ട മരുന്നുകൾ എന്നീ വില കൂടിയ മരുന്നുകൾ സംസ്ഥാനത്ത് ലാഭം ഒട്ടുമില്ലാതെ സീറോ പ്രോഫിറ്റായി രോഗികൾക്ക് നൽകുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സംസ്ഥാനത്തെ കാൻസർ മരുന്ന് വിപണിയിൽ കേരള സർക്കാർ ഇതിലൂടെ നിർണായക ഇടപെടലാണ് നടത്തുന്നത്. 800 ഓളം വിവിധ മരുന്നുകൾ കമ്പനി വിലയ്ക്ക് തന്നെ ലഭ്യമാകുന്നതാണ്. കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിലൂടെ ചികിത്സാ ചെലവ് കുറയുന്നത് രോഗികൾക്ക് വളരെയേറെ ആശ്വാസമാകുന്നതാണ്. വളരെ വിലപിടിപ്പുള്ള മരുന്നുകൾ തുച്ഛമായ വിലയിൽ ലഭ്യമാക്കും. സംസ്ഥാന സർക്കാരിന്റെ കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡിന്റെ (കെ.എം.എസ്.സി.എൽ.) കാരുണ്യ ഫാർമസികൾ വഴിയായിരിക്കും കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കുക. ഇതിനായി കാരുണ്യ ഫാർമസികളിൽ 'ലാഭ രഹിത കൗണ്ടറുകൾ' ആരംഭിക്കും. ജൂലൈ മാസത്തിൽ ഈ പദ്ധതി ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

നിലവിൽ സംസ്ഥാനത്ത് 74 കാരുണ്യ ഫാർമസികളാണ് ഉള്ളത്. ഇന്ത്യയിലെ വിവിധ ബ്രാൻഡഡ് കമ്പനികളുടെ 7,000ത്തോളം മരുന്നുകളാണ് ഏറ്റവും വിലകുറച്ച് കാരുണ്യ ഫാർമസികൾ വഴി നൽകുന്നത്. ഇത് കൂടാതെയാണ് കാൻസറിനും അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾക്കുമുള്ള മരുന്നുകൾ പൂർണമായും ലാഭം ഒഴിവാക്കി നൽകുന്നത്. എല്ലാ ജില്ലകളിലേയും പ്രധാന കാരുണ്യ ഫാർമസികൾ വഴിയായിരിക്കും ലാഭ രഹിത കൗണ്ടറുകൾ ആരംഭിക്കുക. ഇതിനായി പ്രത്യേകം ജീവനക്കാരേയും നിയോഗിക്കുന്നതാണ്.

കാൻസർ ചികിത്സാ, പ്രതിരോധ രംഗത്ത് സർക്കാർ വലിയ ഇടപെടലുകളാണ് നടത്തി വരുന്നത്. സംസ്ഥാനത്ത് ആദ്യമായി ആർസിസിയിലും എംസിസിയിലും കാൻസറിന് റോബോട്ടിക് സർജറി ആരംഭിച്ചു. പ്രധാന ആശുപത്രികൾക്ക് പുറമേ 25 ആശുപത്രികളിൽ കാൻസർ ചികിത്സയ്ക്കുള്ള സൗകര്യമൊരുക്കി. മലബാർ കാൻസർ സെന്ററിനെ 562.25 കോടി രൂപയുടെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് പോസ്റ്റ് ഗ്രാജേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസ് ആന്റ് റിസർച്ച് ആയി ഉയർത്തി. എല്ലാ ആശുപത്രികളിലും ആഴ്ചയിൽ ഒരു ദിവസം കാൻസർ പ്രാരംഭ പരിശോധനാ ക്ലിനിക്കുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചു. കാൻസർ പ്രിവന്റീവ് ക്ലിനിക്കുകൾ ആരംഭിച്ചു. ആർസിസിയിലും എംസിസിയിലും നൂതന ചികിത്സാ സംവിധാനങ്ങൾ ഒരുക്കി. കുട്ടികളിലെ കണ്ണിന്റെ കാൻസറിന് എംസിസിയിൽ നൂതന ചികിത്സാ സംവിധാനമൊരുക്കി. റെറ്റിനോബ്ലാസ്റ്റോമയടക്കമുള്ള കാൻസറുകൾക്ക് സമഗ്ര ചികിത്സാ സംവിധാനം ആദ്യമായി എംസിസിയിൽ നടപ്പിലാക്കി.

ഗർഭാശയഗള കാൻസർ കണ്ടെത്തുന്നതിനുള്ള 'സെർവി സ്കാൻ' ആർസിസി വികസിപ്പിച്ചു. സെർവിക്കൽ കാൻസറിന് എതിരായുള്ള എച്ച്.പി.വി. വാക്സിനേഷൻ പ്ലസ് വൺ, പ്ലസ് ടു തലത്തിലെ പെൺകുട്ടികൾക്ക് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആർസിസിയിൽ അതിനൂതന സാങ്കേതിക സൗകര്യങ്ങളുള്ള 3 ടെസ്ല എം.ആർ.ഐ. യൂണിറ്റും 3 ഡി ഡിജിറ്റൽ മാമോഗ്രാഫി യൂണിറ്റും സ്ഥാപിച്ചു. സ്തനാർബുദം പ്രാരംഭഘട്ടത്തിൽ കണ്ടെത്തുന്നതിന് എല്ലാ ജില്ലകളിലും ഒരു ജില്ലാ/താലൂക്ക് തല ആശുപത്രിയിലെങ്കിലും മാമോഗ്രാം, ബയോപ്സി, പാപ് സ്മിയർ സംവിധാനമൊരുക്കി വരുന്നു. ആദ്യഘട്ടത്തിൽ 8 ആശുപത്രികളിൽ മാമോഗ്രാം സംവിധാനമൊരുക്കി. മലബാർ കാൻസർ സെന്ററിൽ മജ്ജമാറ്റിവയ്ക്കൽ ചികിത്സയ്ക്കായി ബോൺമാരോ ഡോണർ രജിസ്ട്രി ആരംഭിച്ചു.

ജീവിതശൈലീ രോഗങ്ങളേയും കാൻസറിനേയും പ്രാരംഭ ഘട്ടത്തിൽ കണ്ടെത്തി ചികിത്സിക്കുന്നതിനായി ഈ സർക്കാർ ആർദ്രം ജീവിതശൈലി രോഗനിർണയ ക്യാമ്പയിൻ ആരംഭിച്ചു. 30 വയസിന് മുകളിലുള്ള 1.54 കോടിയിലധികം പേരുടെ സ്ക്രീനിംഗ് ആദ്യ വർഷം നടത്തി. 46,000ത്തിലധികം പേരെ കാൻസർ പരിശോധനയ്ക്ക് വിധേയമാക്കി. കാൻസർ കണ്ടെത്തിയവർക്ക് തുടർ പരിശോധനകളും ചികിത്സയും ഉറപ്പാക്കി. കാൻസർ സ്ക്രീനിംഗ് പോർട്ടൽ, കാൻസർ ഗ്രിഡ് എന്നിവ നടപ്പിലാക്കി. ഇതോടൊപ്പം കാൻസർ മരുന്നുകൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കുന്നതോടു കൂടി നൂതന കാൻസർ ചികിത്സാ സംവിധാനങ്ങൾ സാധാരണക്കാർക്ക് പോലും പ്രാപ്യമാകും.

# പകർച്ചവ്യാധി പ്രതിരോധം: ജൂലൈ മാസത്തിന് പ്രത്യേക ആക്ഷൻ പ്ലാൻ

**തിരുവനന്തപുരം:** പകർച്ചവ്യാധി പ്രതിരോധത്തിന്റെ ഭാഗമായി ജൂലൈ മാസത്തിന് വേണ്ടി ആരോഗ്യ വകുപ്പ് പ്രത്യേക ആക്ഷൻ പ്ലാൻ രൂപീകരിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പകർച്ചവ്യാധി പ്രതിരോധത്തിനും മികച്ച ചികിത്സ ഉറപ്പ് വരുത്തുന്നതിനുമാണ് ആക്ഷൻ പ്ലാൻ രൂപീകരിക്കുന്നത്. സംസ്ഥാനത്ത് മഴ തുടരുന്ന സാഹചര്യത്തിൽ പകർച്ചവ്യാധികൾക്കെതിരെ അതീവ ജാഗ്രത പാലിക്കണം. ജലദോഷം, വൈറൽ പനികൾ, ഡെങ്കിപ്പനി, എലിപ്പനി, ഇൻഫ്ളുവൻസ എച്ച്.1 എൻ.1, വയറിളക്ക രോഗങ്ങൾ എന്നിവയാണ് കൂടുതലായും കാണുന്നത്. കുട്ടികളിലെ പനി ശ്രദ്ധിക്കണം. അസുഖമുള്ള കുട്ടികളെ സ്കൂളിൽ അയയ്ക്കരുത്. കൃത്യമായ ചികിത്സയും വിശ്രമവും ഉറപ്പാക്കണം. സ്വയം ചികിത്സ പാടില്ല. നീണ്ട് നിൽക്കുന്ന പനിയോ അപായ സൂചനകളായ പനിയോട് കൂടിയുള്ള ശ്വാസതടസം, അമിതമായ നെഞ്ചിടിപ്പ്, നെഞ്ച് വേദന, ബോധമില്ലാതെ സംസാരിക്കുക, ബോധക്ഷയം, കഫത്തിൽ രക്തത്തിന്റെ അംശം, അമിതമായ ക്ഷീണം എന്നിവ ഉണ്ടെങ്കിൽ വിദഗ്ധ ചികിത്സ തേടണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

സ്റ്റേറ്റ് ലെവൽ റാപ്പിഡ് റെസ്പോൺസ് ടീം (ആർആർടി) യോഗം ചേർന്ന് സംസ്ഥാനത്തെ പൊതു സാഹചര്യം വിലയിരുത്തി. പക്ഷിപ്പനിയ്ക്കെതിരെയും ജാഗ്രത പാലിക്കണം. ചത്ത മൃഗങ്ങളേയും പക്ഷികളേയും സുരക്ഷാ മുൻകരുതലുകളില്ലാതെ കൈ കൊണ്ടെടുക്കരുത്. ആരോഗ്യ വകുപ്പ് മൃഗസംരക്ഷണ വകുപ്പുമായി യോഗം ചേർന്നിരുന്നു. രണ്ട് ലക്ഷത്തോളം വൺ ഹെൽത്ത് കമ്മ്യൂണിറ്റി വോളന്റിയൻമാരുടെ സേവനം പ്രയോജനപ്പെടുത്തി വരുന്നു. വളർത്തു മൃഗങ്ങളേയും പക്ഷികളേയും വളർത്തുന്നവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ചത്ത പക്ഷികളേയോ മൃഗങ്ങളേയോ കൈകാര്യം ചെയ്തവർക്ക് എന്തെങ്കിലും രോഗ ലക്ഷണങ്ങളുണ്ടെങ്കിൽ ഉടൻ തന്നെ ആരോഗ്യ പ്രവർത്തകരെ വിവരം അറിയിക്കേണ്ടതാണ്.

മാസ്ക്, സാമൂഹിക അകലം, കൈകളുടെ ശുചിത്വം തുടങ്ങിയ വ്യക്തിഗത സുരക്ഷാ മാർഗങ്ങളിലൂടെ ഇൻഫ്ളുവൻസ, ജലദോഷം, ചുമ എന്നിവയെ പ്രതിരോധിക്കാനാകും. എച്ച്.1 എൻ.1 കേസുകൾ കൂടുന്നതിനാൽ ഇത് പാലിക്കേണ്ടത് വളരെ പ്രധാനമാണ്. ആശുപത്രി സന്ദർശകർ നിർബന്ധമായും മാസ്ക് വയ്ക്കണം. രോഗികളല്ലാത്തവർ പരമാവധി ആശുപത്രി സന്ദർശനം ഒഴിവാക്കണം. ജലദോഷമുള്ളവർ മാസ്ക് ധരിക്കുന്നതാണ് അഭികാമ്യം. ഗർഭിണികൾ, അനുബന്ധ രോഗമുള്ളവർ, പ്രായമായവർ എന്നിവർ മാസ്ക് ഉപയോഗിക്കണം.

എലിപ്പനിയ്ക്കെതിരെ ജാഗ്രത പുലർത്തണം. മലിനജലവുമായുള്ള സമ്പർക്കം പരമാവധി ഒഴിവാക്കണം. കൈകാലുകളിൽ മുറിവുകളുള്ളവർ മലിനജലവുമായി സമ്പർക്കം വരാതെ നോക്കുകയോ, വ്യക്തിഗത സുരക്ഷാ മാർഗങ്ങൾ സ്വീകരിക്കുകയോ ചെയ്യണം. മണ്ണ്, ജലം എന്നിവയുമായി ബന്ധപ്പെട്ട തൊഴിലെടുക്കുന്നവർ ബൂട്ട്, ഗ്ലൗസ് തുടങ്ങിയ സുരക്ഷാ മുൻകരുതലുകളെടുക്കണം. മലിന ജലത്തിലിറങ്ങിയവർ എലിപ്പനിക്കെതിരെയുള്ള പ്രതിരോധ ഗുളിക ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം നിർബന്ധമായും കഴിക്കേണ്ടതാണ്.ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർമാർ, കെ.എം.എസ്.സി.എൽ. ജനറൽ മാനേജർ, ആർ.ആർ.ടി. അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

# ഐ പ്രൊട്ടക്ട് സ്മാർട്ടിൽ വനിതകൾക്ക് 15 ശതമാനം ഇളവ്

**തൃശൂർ:** ഐസിഐസിഐ പ്രുഡെൻഷ്യൽ ലൈഫിന്റെ ഏറ്റവും കൂടുതൽ വിൽപനയുള്ള ടേം ഇൻഷുറൻസ് പദ്ധതിയായ ഐപ്രൊട്ടക്ട് സ്മാർട്ടിൽ അടക്കേണ്ട എല്ലാ പ്രീമിയങ്ങൾക്കും വനിതകൾക്ക് 15 ശതമാനം ജീവിതകാല ഇളവ് പ്രഖ്യാപിച്ചു. ഇതിനു പുറമേ ശമ്പളക്കാരായ വനിതകൾക്ക് ആദ്യ വർഷ പ്രീമിയത്തിൽ 15 ശതമാനം അധിക ഇളവും നൽകും. സ്തനാർബുദം ഉൾപ്പെടെയുള്ള 34 വിവിധ മാരക രോഗങ്ങൾക്കെതിരെയുള്ള ക്രിട്ടിക്കൽ ഇൽനെസ് പരിരക്ഷ അടക്കം ഐപ്രൊട്ടക്ട് സ്മാർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ആരോഗ്യ, ലൈഫ് ഇൻഷുറൻസുകളുടെ നേട്ടങ്ങൾ ഒരുമിച്ചു പ്രദാനം ചെയ്യും. ഐ പ്രൊട്ടക്ട് സ്മാർട്ട് മരണം, മാരകമായ അസുഖം, വൈകല്യം എന്നിവ ഉൾപ്പെടെയുള്ള ജീവിതത്തിലെ അനിശ്ചിതത്വങ്ങളിൽ താങ്ങാനാവുന്ന പ്രീമിയത്തിൽ സാമ്പത്തിക പരിരക്ഷ നൽകുന്നു. കൂടാതെ ഈ പോളിസി 99 വയസ് വരെ ലൈഫ് കവറും വാഗ്ദാനം ചെയ്യുന്നു. വനിതകൾ വിവിധ തലങ്ങളിലായി വഹിക്കുന്ന പങ്കിനെ അംഗീകരിക്കാനും ആഘോഷിക്കാനുമായാണു തങ്ങൾ 15 ശതമാനം ഇളവു നൽകുന്നതെന്ന് ഇതേക്കുറിച്ചു പ്രതികരിക്കവെ ഐസിഐസിഐ പ്രുഡെൻഷ്യൽ ലൈഫ് ഇൻഷുറൻസ് ചീഫ് ഡിസ്ട്രിബ്യൂഷൻ ഓഫിസർ അമിത് പാൽട്ട പറഞ്ഞു.



# കുസാറ്റ് വിദ്യാർത്ഥികൾ രക്തദാനം നടത്തി

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് എൻജിനീയറിങ് ഇന്ത്യൻ ഗ്രീൻ ബിൽഡിങിന്റെ (ഐ.ജി.ബി.സി) നേതൃത്വത്തിൽ രക്ത ദാന ക്യാമ്പ് സംഘടിപ്പിച്ചു. 'ജീവനി' എന്നു നാമകരണം ചെയ്ത പരിപാടിയിൽ ജീവനക്കാരും വിദ്യാർത്ഥികളും 55 യൂണിറ്റ് രക്തം ദാനം ചെയ്തു.ആലുവ താലൂക്കാശുപത്രിയുമായി സഹരിച്ച് നടത്തിയ പരിപാടിക്ക് ഐ.ജി.ബി.സി അസിസ്റ്റൻറ് കോഓർഡിനേറ്റർ ടിൻറു ജോയ് നേതൃത്വം നൽകി. നൂറിൽ പരം വിദ്യാർത്ഥികൾ പരിപാടിയിൽ പങ്കെടുത്തു.

# അപേക്ഷാ തീയതി നീട്ടി

**കൊച്ചി:** സംസ്ഥാന സർക്കാർ തൊഴിൽ വകുപ്പിന് കീഴിൽ കൊല്ലം ചവറയിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷനിലെ(ഐ ഐ ഐ സി) ഹയർ ട്രെയിൻ ഡിപ്ലോയ് പദ്ധതിയിലേക്ക് അപേക്ഷിക്കുവാനുള്ള തീയതി ജൂലൈ അഞ്ചു വരെ നീട്ടി. ഐ ഐ ഐ സി യുടെ ആപ്റ്റിറ്റിയൂഡ് ടെസ്റ്റ് ഇൻ എൻജിനീയറിങ് (എടിഇ) പരീക്ഷ എഴുതി വിജയിക്കുന്ന 75 പേർക്ക് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റിയിൽ എൻജിനീയർമാരായി സ്ഥിര നിയമനം ലഭിക്കുന്ന പദ്ധതിയാണ് ഹയർ ട്രെയിൻ ഡിപ്ലോയ്. ബിടെക്/ബിഇ സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ വിജയിച്ചവർക്ക് അപേക്ഷിക്കാം. ജൂലൈ രണ്ടാം വാരമായിരിക്കും പരീക്ഷ.

തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒരു വർഷമോ ആറു മാസമോ ദൈർഘ്യമുള്ള പരിശീലനം ഐ ഐ ഐ സി നൽകും. തിരഞ്ഞെടുക്കപ്പെടുന്നവരുടെ പരിശീലന ഫീസ് യു എൽസിസിഎസ് വഹിക്കും. ആറു മാസത്തെ പരിശീലനത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് മാസം തോറും 15,000 രൂപയും, ഒരു വർഷത്തെ പരിശീലനത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് 20,000 രൂപയും സ്റ്റൈപ്പൻഡ് ലഭിക്കും. പരിശീലന ശേഷം യു എൽ സി സി എസ് തൊഴിലിടങ്ങളിലേക്ക് വിന്യസിക്കപ്പെടുമ്പോൾ ശമ്പള വർദ്ധന ഉണ്ടായിരിക്കും.

അപേക്ഷിക്കുന്നവർക്കു 2024 മെയ് 31 നു 24 വയസ് കവിയരുത്. അപേക്ഷഫീസ് 600 രൂപ. ഹയർ ട്രെയിൻ ഡിപ്ലോയ് കൂടാതെ ഒരു വർഷം ദൈർഘ്യമുള്ള പോസ്റ്റ് ഗ്രാഡുവേറ്റ് പ്രോഗ്രാമുകളിലേക്കും ആറു മാസം ദൈർഘ്യമുള്ള അഡ്വാൻസ്ഡ് ഡിപ്ലോമ പരിശീലനങ്ങളിലേക്കുമാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്. പരിശീലന പരിപാടികളുടെ വിശദ വിവരങ്ങൾ ചുവടെ. അപേക്ഷ ഓൺലൈൻ ആയി സമർപ്പിക്കുവാൻ വെബ്സൈറ്റ് സന്ദർശിക്കുക. ഓൺലൈൻ ആയി അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2024 ജൂലൈ 5. ഫോൺ: 8078980000

സൊസൈറ്റി ടുഡേ
SOCIETY TODAY



# മികച്ച ട്രാക്ടർ ഡ്രൈവർമാരെ കിട്ടാനില്ല; കാർഷിക മേഖല പ്രതിസന്ധിയിൽ

**നെന്മാറ:** കഴിവുറ്റ ട്രാക്ടർ ഡ്രൈവർമാരെ കിട്ടാനില്ലെന്നു കർഷകരുടെയും ട്രാക്ടർ ഉടമകളുടെയും പരാതി.

നെൽപ്പാടങ്ങൾ ഉഴുതുമറിക്കാൻ ട്രാക്ടർ ഡ്രൈവർമാരെ കിട്ടാനുണ്ടെങ്കിലും ചേറുനിറഞ്ഞ നെൽപ്പാടം ലെവലർ (ചെളി നിരത്തുന്ന യന്ത്രം) ഉപയോഗിച്ച് നെൽപ്പാടത്തെ ചേറുനികത്തി നടാൻ പരുവത്തിലാക്കാൻ കഴിവുള്ള ഡ്രൈവർമാർ മേഖലയിൽ കുറഞ്ഞുവരുന്നതായി കർഷകർ ചൂണ്ടിക്കാട്ടുന്നു.

ഉഴുതുമറിച്ചതിനു ശേഷം നെൽപ്പാടത്തിലെ ചേറ് ഒരേനിലയിൽ എല്ലായിടത്തും വെള്ളം പരന്നു നിൽക്കുന്ന രീതിയിൽ ലെവലർ ഉപയോഗിച്ച് പാകപ്പെടുത്തിയില്ലെങ്കിൽ എല്ലായിടത്തും ഒരേ അളവിൽ വെള്ളം കെട്ടി നിൽക്കാതിരിക്കുകയും ചേറ് ഉയർന്നു നിൽക്കുന്ന ഭാഗങ്ങളിൽ കള മുളച്ചു പൊന്തുമെന്നും കർഷകർ പറയുന്നു.

എല്ലായിടത്തും ഒരുപോലെ വെള്ളം കയറ്റി നിർത്താനും തുറന്നു വിടാനും കഴിയാത്ത സ്ഥിതിയുണ്ടായാൽ കൃഷിയെ സാരമായി ബാധിക്കും.ചേറുള്ള നെൽപ്പാടങ്ങളിൽ ഉഴവ് ജോലിക്ക് ഡ്രൈവർമാർ കുറയുന്നതായും കർഷകർക്കു പരാതിയുണ്ട്.ബഹുഭൂരിപക്ഷം ട്രാക്ടറുകളിലും പവർ സ്റ്റീയറിംഗ് ഇല്ലാത്തതും ഇരിപ്പിടത്തിന് മറ്റു വാഹനങ്ങളിലെ പോലെ സ്പ്രിംഗുകൾ ഇല്ലാത്തതിനാൽ സുഖകരവുമല്ല, ദേഹത്ത് ചെളി തെറിക്കും എന്നതിനാലുമാണ് നെൽപ്പാടങ്ങളിൽ ഉഴവ് ജോലിയിൽ നിന്നും ട്രാക്ടർ ഡ്രൈവർമാർ പിൻവാങ്ങുന്നത്.എന്നാൽ വേനൽക്കാലങ്ങളിൽ ഉഴുതുമറിക്കാൻ ഡ്രൈവർമാരെ സുലഭമായി ലഭിക്കാറുണ്ടെന്നു ട്രാക്ടർ ഉടമകൾ പറയുന്നു.



# മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് സപ്ലൈ ചെയിൻ ഓഫീസ് തുറന്നു

**കോഴിക്കോട്:** മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് അന്താരാഷ്ട്ര വിപുലീകരണത്തിൻറെ ഭാഗമായി ദുബായ് എയർപോർട്ട് ഫ്രീ സോണിൽ പുതിയ അത്യാധുനിക സപ്ലൈ ചെയിൻ ഓഫീസ് തുറന്നു. പുതിയ ഓഫീസ് ബ്രാൻഡിൻറെ സ്റ്റഡഡ് വിഭാഗത്തിൻറെ അന്താരാഷ്ട്ര വിതരണ ശൃംഖലയുടെ കേന്ദ്രമായി പ്രവർത്തിക്കും. ദുബായ് എയർപോർട്ട് ഫ്രീ സോൺ ഡയറക്ടർ ജനറൽ അംന ലൂത്ത പുതിയ ഓഫീസിൻറെ ഉദ്ഘാടനം നിർവ്വഹിച്ചു.

മലബാർ ഗ്രൂപ്പ് ചെയർമാൻ എം.പി. അഹമ്മദ്, വൈസ് ചെയർമാൻ കെ.പി.അബ്ദുൾ സലാം, മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് ഇൻറർനാഷണൽ ഓപ്പറേഷൻസ് മാനേജിംഗ് ഡയറക്ടർ ഷംലാൽ അഹമ്മദ്, ഇന്ത്യ ഓപറേഷൻസ് മാനേജിംഗ് ഡയറക്ടർ ഒ. അഷർ,മലബാർ ഗ്രൂപ്പ് സീനിയർ ഡയറക്ടർ സി. മായിൻ കുട്ടി, മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് മാനുഫാക്ചറിംഗ് ഹെഡ് എ.കെ. ഫൈസൽ, ഡയമണ്ട്സ് ആൻഡ് സ്റ്റഡഡ് ഹെഡ് അപരേഷ് ചാറ്റർജി, ദുബായ് എയർപോർട്ട് ഫ്രീ സോൺ കസ്റ്റമർ കെയർ വൈസ് പ്രസിഡൻറ് ആരിഫ് അബ്ദുൾഹമീദ് അൽ ഖൂരി എന്നിവരും

മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സിലെ മറ്റ് മാനേജ്മെൻറ് അംഗങ്ങളും ദുബായ് എയർപോർട്ട് ഫ്രീസോൺ പ്രതിനിധികളും ചടങ്ങിൽ പങ്കെടുത്തു. അത്യാധുനിക ഡിസൈൻ സ്റ്റുഡിയോ ഉൾപ്പെട്ട പ്രൊഡക്ട് ഡെവലപ്പ്മെൻറ് സെൻററും ഇവിടെ പ്രവർത്തിക്കും. ഇത് ബ്രാൻഡിൻറെ ഡിസൈനുകളുടെ നവീകരണത്തിന് ഊന്നൽ നൽകും.

## വനിതാ സംരംഭകത്വ വികസന പരിശീലനം

**കൊച്ചി:** സംരംഭകർ ആകാൻ ആഗ്രഹിക്കുന്ന വനിതകൾക്കായി വ്യവസായവാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ടായ കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എന്റർപ്രണർഷിപ് ഡവലപ്മെന്റ് 10 ദിവസത്തെ വനിതാ സംരംഭകത്വ വികസന പരിപാടി സംഘടിപ്പിക്കുന്നു. ജൂലൈ 2 മുതൽ 12 വരെ കളമശ്ശേരി കീഡ് ക്യാമ്പസിലാണ് പരിശീലനം. ബിസിനസ് ആശയങ്ങൾ, ബ്രാൻഡിംഗ് ആന്റ് പ്രമോഷൻ, സർക്കാർ സ്ക്രീമുകൾ, ബാങ്കുകളിൽ നിന്നുള്ള ബിസിനസ് ലോണുകൾ, എച്ച് ആർ മാനേജ്മന്റ്, കമ്പനി രജിസ്ട്രേഷൻ, ഇൻഡസ്ട്രിയൽ വിസിറ്റ് തുടങ്ങിയ വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക്: 0484 2532890/ 2550322/9188922800.

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** മുനമ്പം ഹാർബറിലുള്ള കൊമേഴ്സ്യൽ ബ്ലോക്കിന്റെ 20 മുറികൾ 01/08/2024 രാവിലെ മുതൽ 31/07/2025 അർദ്ധരാത്രി വരെ വാടകയ്ക്ക് ഉപയോഗിക്കുന്നതിന് ക്വട്ടേഷനുകൾ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക് :0484 2397370

## ജോലി ഒഴിവ്

**കൊച്ചി:** ജില്ലയിലെ ഒരു സംസ്ഥാന അർദ്ധ സർക്കാർ സ്ഥാപനത്തിൽ (പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രഷൻ) തസ്തികയിൽ ഓപ്പൺ വിഭാഗത്തിന് സംവരണം ചെയ്ത ഒരു സ്ഥിരം ഒഴിവ് (ശമ്പളം 77200140500) നിലവിലുണ്ട്. ഫസ്റ്റ്ക്ലാസ് ബി.ടെക്/ ബി ഇ മെക്കാനിക്കൽ/ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് ബിരുദം, എംബിഎ(എച്ച് ആർ) /പിജിഡിഎം (റഗുലർ കോഴ്സ്) യോഗ്യതകളും ഒരു അംഗീകൃത വ്യവസായ സ്ഥാപനത്തിൽ 8 വർഷത്തെ പ്രവൃത്തി പരിചയവും ഉള്ള 1845 പ്രായപരിധിയിലുള്ള (ഇളവുകൾ അനുവദനീയം) തല്പരരായ ഉദ്യോഗാർത്ഥികൾ ജൂലൈ 10 ന് മുമ്പ് ബന്ധപ്പെട്ട പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യണം.

## ലേലം

**കൊച്ചി:** ഇടപ്പള്ളി സോഷ്യൽ ഫോറസ്ട്രി സെൻട്രൽ റീജിയണിനു കീഴിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഫോറസ്റ്റ് ഓഫീസ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് കണ്ടെത്തിയ സ്ഥലത്തെ 6 മരങ്ങൾ മുറിച്ച് നീക്കം ചെയ്തു കൊണ്ടു പോകുന്നതിനുള്ള അവകാശം ഡിപ്പോ ലേല വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി എറണാകുളം സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ ഓഫീസിൽ പരസ്യമായി ദർഘാസ്/ലേലത്തിൽ വിൽക്കുന്നു.

ദർഘാസ്/ലേല സ്ഥലം: ഇടപ്പള്ളി സോഷ്യൽ ഫോറസ്ട്രി കോമ്പൗണ്ട്. ദർഘാസ് ഫോറം ജൂലൈ 12 വരെ സ്വീകരിക്കും. മേൽ തീയതിയിൽ ലേലം നടക്കാതെ വന്നാൽ പകരം ലേല തീയതി ജൂലൈ 19 & ജൂലൈ 25 വൈകിട്ട് മൂന്നു വരെ. കൂടുതൽ വിവരങ്ങൾ ഫോൺ: 04842344761



# ഐഎംഎ കൊച്ചി ഡോക്ടേഴ്സ് ദിനാചരണം ജൂലൈ ഒന്നിന്

**ഡോ.മുരളി തുമ്മാരുകുടി സമ്മേളനം ഉദ്ഘടാനം ചെയ്യും**

**കൊച്ചി:** ഐഎംഎ കൊച്ചിയുടെ നേതൃത്വത്തിൽ മുതിർന്ന ഡോക്ടർമാരെ ആദരിക്കലും ഡോക്ടേഴസ് ദിനാചരണവും ജൂലൈ ഒന്ന്, തിങ്കളാഴ്ച കലൂർ ഐഎംഎ ഹൗസിൽ നടക്കും. രാത്രി 7.30 ന് നടക്കുന്ന സമ്മേളനം

മരുഭൂവൽക്കരണത്തിനെതിരായ യുഎൻ കൺവെൻഷൻ ജി20 ഗ്ലോബൽ ലാൻഡ് ഇനിഷ്യേറ്റീവ് കോർഡിനേഷൻ (യുഎൻസിസിഡി) ഡയറക്ടർ ഡോ. മുരളി തുമ്മാരു കുടി ഉദ്ഘാടനം ചെയ്യും. ഐഎംഎ കൊച്ചി പ്രസിഡന്റ് ഡോ. എം എം ഹനീഷ് അധ്യക്ഷത വഹിക്കും. മുതിർന്ന ഡോക്ടർമാരായ ബെന്നി തോമസ്, ഇഡിക്കുള കെ മാത്യൂസ്, ടി എൽ പി പ്രഭു, ഗ്രേസി തോമസ് എന്നിവരെ ചടങ്ങിൽ ആദരിക്കും. ഐഎംഎ കൊച്ചി മുൻ പ്രസിഡന്റ് ഡോ.എസ് ശ്രീനിവാസ കമ്മത്ത്, ഐഎംഎ കൊച്ചി പ്രസിഡന്റ് ഇലക്ട് ഡോ. ജേക്കബ് അബ്രാഹം, ഐഎംഎ ഹൗസ് ചെയർമാൻ ഡോ. വി പി കുര്യൈയ്പ്പ്, വുമൺ ഐഎംഎ ചെയർ പേഴ്സൺ ഡോ. മേരി സൈമൺ, ഐഎംഎ കൊച്ചി സെക്രട്ടറി ഡോ. ജോർജ്ജ് തുകലൻ, ട്രഷറർ ഡോ.സച്ചിൻ സുരേഷ് തുടങ്ങിയവർ സംസാരിക്കും.

# ജി.എസ്.ടി റെയിഡിന്റെ പേരിലുള്ള പീഡനം അനുവദിക്കില്ല: കെഎച്ച്ആർഎ

**കൊച്ചി:** ഹോട്ടലുകളിലെ ജി.എസ്.ടി. പിരിവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ നടത്തുന്ന റെയ്ഡിന്റെ പേരിലുള്ള പീഡനം അനുവദിക്കാനാവില്ലെന്ന് കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ.

കൊടുംകുറ്റവാളികളുടേതെന്നപോലെ ഹോട്ടലുടമകളുടെ വീടുകളിൽ സ്ത്രീകൾ മാത്രമുള്ളപ്പോൾ രാപകൽ വ്യത്യാസമില്ലാതെ റെയിഡിനെത്തുന്നതും, കരുതൽ തടങ്കലിലെന്നപോലെ പരിശോധന നടത്തുന്നതും, പെരുമാറുന്നതും പ്രതിഷേധാർഹമാണെന്ന് കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ പ്രസിഡന്റ് ജി. ജയപാലും ജനറൽസെക്രട്ടറി കെ. പി. ബാലകൃഷ്ണ പൊതുവാളും അറിയിച്ചു.

ഏതെങ്കിലും ഹോട്ടലുടമകൾ നികുതിവെട്ടിപ്പ് നടത്തിയിട്ടുണ്ടെങ്കിൽ അവർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിനെ സംഘടന എതിർക്കുന്നില്ല. തെറ്റുകണ്ടെത്തിയാൽ അവർക്ക് നിയമാനുസൃതമുള്ള നോട്ടീസ് നൽകി സമയപരിധിക്കകം പിഴ അടക്കുവാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശിക്കാം. എന്നാൽ നിർബന്ധപൂർവ്വം തൽസമയം ഹോട്ടലുടമകളിൽനിന്നും കരാർ എഴുതിവാങ്ങുകയും, ഹോട്ടലുടമകളിൽനിന്നും അപ്പോൾ തന്നെ പിഴ ഈടാക്കുവാൻ നിർബന്ധിക്കുന്നതും നിയമവിരുദ്ധമാണ്. ഹോട്ടലുടമകളുടെ നിയമാനുസൃതമുള്ള അവകാശത്തെ ഹനിക്കുംവിധമാണ് ഉദ്യോഗസ്ഥർ പെരുമാറുന്നത്. ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ ജി.എസ്.ടി. കൗൺസിലിനും, കമ്മീഷണർക്കും ധനമന്ത്രിക്കും പരാതി നൽകും. ഉദ്യോഗസ്ഥപീഡനം തുടരുകയാണെങ്കിൽ ശക്തമായ പ്രതിഷേധം സംഘടിപ്പിക്കുമെന്നും ഇവർ അറിയിച്ചു.

# ബോണസ് പ്രഖ്യാപിച്ച് റിലയൻസ് നിപ്പോൺ ലൈഫ് ഇൻഷൂറൻസ്

**കൊച്ചി:** റിലയൻസ് നിപ്പോൺ ലൈഫ് ഇൻഷൂറൻസ് കമ്പനി തങ്ങളുടെ പങ്കാളിത്ത പോളിസി ഉടമകൾക്കായി 346 കോടി രൂപ ബോണസ് പ്രഖ്യാപിച്ചു.പ്രഖ്യാപന പ്രകാരം മാർച്ച് 31ന് അവസാനിക്കുന്ന കാലയളവിൽ യോഗ്യതയുള്ള പങ്കാളിത്ത പോളിസികൾക്കെല്ലാം ഈ ബോണസ് പ്രഖ്യാപനത്തിലൂടെ ഗുണം ലഭിക്കും.

കഴിഞ്ഞ 23 വർഷമായി നിരന്തരം ബോണസ് പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്ന കമ്പനി ഉപഭോക്താക്കൾക്ക് അവരുടെ പ്രീമിയം പതിവായി അടയ്ക്കുന്നതിനായി ഇളവുകൾ നൽകുകയും പോളിസി കാലയളവിൽ ഉടനീളം അവർ മുതൽമുടക്ക് നടത്തുന്നു എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. ഇക്വിറ്റികളിൽ നടത്തുന്ന വളരെ തന്ത്രപരമായ ആസ്തി വിന്യാസം മൂലം സംഭവിക്കുന്നതാണ് പങ്കാളിത്ത ഫണ്ടിന്റെ അതിശക്തമായ പ്രകടനമെന്ന് റിലയൻസ് നിപ്പോൺ ലൈഫ് ഇൻഷൂറൻസിന്റെ ഇഡിയും സിഇഒയുമായ ആഷിഷ് വോറ പറഞ്ഞു.

വിശാലമായ വിപണിയുമായി താരതമ്യം ചെയ്യുമ്പോൾ നിർണ്ണായകമാംവിധം ഉയർന്ന പ്രകടനമാണ് ഇതിലൂടെ സാധ്യമാകുന്നത്. ഇതിനുപുറമേ, കമ്പനിയുടെ ഫ്‌ളാഗ്ഷിപ്പ് യുഎൽഐപി ഇക്വിറ്റി ഫണ്ട് 3ഉം ശക്തമായ പ്രകടനം കാഴ്ച്ചവയ്ക്കുന്നുണ്ട്. 26.4% വരുമാനമാണ് അത് നേടിയെടുത്തത്.



# പെൻഷൻ പറ്റിയവർ പക്ഷിനിരീക്ഷണം നടത്തട്ടെ: സക്കറിയ

**കൊച്ചി:** നല്ല പെൻഷനും വാങ്ങി വിശ്രമിക്കുന്നവർ കേരളത്തിൽ ലക്ഷക്കണക്കിനുണ്ടെന്നും ശരീരം അനങ്ങാതിരിക്കുന്നതിനു പകരം അവർ പക്ഷനിരീക്ഷണം തുടങ്ങട്ടയെന്നും എഴുത്തുകാരൻ സക്കറിയ. കൊച്ചി ദർബാർ ഹാളിൽ ( പക്ഷി നിരീക്ഷകനും എഴുത്തുകാരനുമായ ഇന്ദുചൂഡന്റെ ജന്മശതാബ്ദി വർഷത്തിൽ പാടിപ്പറക്കുന്ന മലയാളം എന്ന ഫോട്ടോ പ്രദർശനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പക്ഷിനിരീക്ഷണം മനുഷ്യരുടെ ഓർമശക്തിയും ചിന്താശക്തിയും കാഴ്ചശക്തിയും ഭാവനയുമെല്ലാം വർധിപ്പിക്കും. മലയാളികൾ മറന്ന ഇന്ദുചൂഡൻ എന്ന വലിയ എഴുത്തുകാരനെ ഉയർത്തെഴുന്നേൽപ്പിക്കുന്നതിൽ അദ്ദേഹത്തിന്റെ കേരളത്തിലെ പക്ഷികൾ എന്ന പുസ്തകത്തിന്റെ സമീപകാല പുനപ്രസിദ്ധീകരണവും സുരേഷ് ഇളമൺ രചിച്ച പക്ഷികളും ഒരു മനുഷ്യനും എന്ന ജീവചരിത്രവും പോലെത്തന്നെ ഈ ഫോട്ടോ എക്സിബിഷനും വലിയ പങ്കുവഹിക്കുമെന്നും അദ്ദേഹം പറഞ്ഞു. മലയാളഗദ്യത്തിന്റെ ഏറ്റവും മനോഹരമായ ഉപയോഗമാണ് കേരളത്തിലെ പക്ഷികൾ എന്ന പുസ്തകത്തിൽ കാണാനാവുകയെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച വി കെ ശ്രീരാമൻ പറഞ്ഞു. സുരേഷ് ഇളമൺ, പ്രദശർനത്തിന്റെ ക്യുറേറ്ററും കലാനിരൂപകനും ഫോട്ടോഗ്രാഫറുമായ എം രാമചന്ദ്രൻ എന്നിവരും പ്രസംഗിച്ചു. ചലച്ചിത്രതാരം മമ്മൂട്ടിയുംജെയിനി കുര്യാക്കോസുമടക്കം ഇരുപത്തിമൂന്നു ഛായാഗ്രാഹകന്മാരുടെ 61 ഫോട്ടോകളാണ് പ്രദർശനത്തിലുള്ളത്.മമ്മൂട്ടി എടുത്ത ഇലത്തുമ്പിൽ വിശ്രമിക്കുന്ന നാട്ടുബുൾബുളിന്റെ മനോഹരചിത്രം പ്രദർശനത്തിന്റെ സമാപനദിനമായ ജൂൺ 30ന് നാലിന് ഫൗണ്ടേഷന്റെ ധനശേഖരണാർത്ഥം ലേലം ചെയ്യും. അന്നു വൈകീട്ട് 5.30ന് ഇന്ദുചൂഡന്റെ സഹപ്രവർത്തകനായിരുന്ന പ്രൊഫ എം കെ സാനു ഇന്ദുചൂഡനെ അനുസ്മരിക്കും. ഇന്ന് വൈകീട്ട് 530ന് പക്ഷിഫോട്ടോഗ്രാഫർ മനോജ് കരിങ്ങാമഠത്തിൽ സംസാരിക്കും.ഇന്ദുചൂഡന്റെ ജീവചരിത്രം എഴുതിയിട്ടുള്ള പക്ഷി നിരീക്ഷകനായ സുരേഷ് ഇളമൺ, എഴുത്തുകാരിയും പക്ഷിനിരീക്ഷകയുമായ ശ്രീദേവി മാധവൻ, കലാനിരൂപകനും എഴുത്തുകാരനുമായ എം രാമചന്ദ്രൻ എന്നിവരാണ് പ്രദർശനത്തിന്റെ ക്യൂറേറ്റർമാർ.

# സി എ വിദ്യാർഥികളുടെ മെഗാസമ്മേളനത്തിന് തുടക്കമായി


**കൊച്ചി:** ഐസിഎഐ ബോർഡ് ഓഫ് സ്റ്റഡീസ് സംഘടിപ്പിക്കുന്ന സി എ വിദ്യാർഥികളുടെ മെഗാ സമ്മേളനമായ ഏകത്വയ്ക്ക് കൊച്ചിയിൽ തുടക്കമായി. ഫെഡറൽ ബാങ്ക് മാനേജിംഗ് ഡയറക്ടറും സിഇഒയുമായ ശ്യാം ശ്രീനിവാസൻ ഉദ്ഘാടനം ചെയ്തു. വിവരങ്ങളുടെ അതിപ്രസരമുള്ള കാലഘട്ടമാണിതെന്നും ലഭിക്കുന്ന വിവരങ്ങളുടെ വ്യാഖ്യാനം ഏറെ പ്രാധാന്യമുള്ളതാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. പുതിയ കാലത്ത് അറിവുകളെക്കാൾ ഉൾക്കാഴ്ചകൾക്കാണ് പ്രാധാന്യമെന്നും ശ്യാം ശ്രീനിവാസൻ വിദ്യാർഥികളെ ഓർമ്മിപ്പിച്ചു. ആത്മാർഥതയും ആധികാരികതയും ആവശ്യമുള്ള മേഖലയാണ് ചാർട്ടേഡ് അക്കൗണ്ടൻറുമാരുടെത്. ഇപ്പോഴും കൗതുകമുള്ളവരായിരിക്കണം. പുതിയ അറിവുകൾ നേടാനും കൂടുതൽ അറിയാനുമുള്ള കൗതുകം വിദ്യാർഥികൾക്ക് ഇപ്പോഴും ഉണ്ടാകണം. ആധികാരികത, ഉൾക്കാഴ്ച, കൗതുകം, സങ്കൽപം, ധാർമികത എന്നിവ ഒത്തുചേരുമ്പോഴാണ്




ഒരു മികച്ച ചാർട്ടേഡ് അക്കൗണ്ടൻറ് രൂപപ്പെടുന്നതെന്നും ശ്യാം ശ്രീനിവാസൻ പറഞ്ഞു.ധാർമിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ സി എ വിദ്യാർഥികൾ എപ്പോഴും ശ്രദ്ധിക്കണമെന്ന് ഐസിഎഐ ബോർഡ് ഓഫിന് സ്റ്റഡീസ് പ്രതിനിധി സി എ നമ്രത നായക് പറഞ്ഞു.

ഐസിഎഐ കേന്ദ്ര സമിതിയംഗം സി എ ശ്രീപ്രിയ ശ്രീകുമാർ അധ്യക്ഷത വഹിച്ചു. ഐസിഎഐ സികാസ എറണാകുളം ബ്രാഞ്ച് ചെയർമാൻ സി എ രൂപേഷ് രാജഗോപാൽ, വൈസ് ചെയർമാൻ ബംസിൽ സമാൻ ഐസിഎഐ എസ്ഐആർസി എറണാകുളം ബ്രാഞ്ച് ചെയർമാൻ എ. സലിം എന്നിവർ പ്രസംഗിച്ചു. സമ്മേളനം ഇന്ന് സമാപിക്കും.

# മാക്ട ലെജന്റ് ഓണർ പുരസ്കാരം ശ്രീകുമാരൻ തമ്പിക്ക്



**കൊച്ചി:** മാക്ട ലെജന്റ് ഓണർ പുരസ്കാരം ചലച്ചിത്ര സംവിധായകനും ഗാനരചയിതാവുമായ ശ്രീകുമാരൻ തമ്പിക്കു സമ്മാനിക്കും..ചലച്ചിത്ര രംഗത്തെ സമുന്നത പ്രതിഭകളെ ആദരിക്കുന്നതിനായി മൂന്നു വർഷത്തിലൊരിക്കൽ നൽകുന്നതാണ് അവാർഡ. ഒരു ലക്ഷം രൂപയും പ്രശംസാപത്രവും ശിൽപവും അടങ്ങുന്നതാണ് പുരസ്കാരം. സംവിധായകൻ സിബി മലയിൽ ചെയർമാനും തിരക്കഥാകൃത്ത് എസ്.എൻ. സ്വാമി,സംഗീത സംവിധായകൻ വിദ്യാധരൻ എന്നിവർ അംഗങ്ങളുമായ ജൂറിയാണ് അവാർഡ് നിർണ്ണയിച്ചത്. എറണാകുളം ആശിർഭവനിൽ നടന്ന മാക്ടയുടെ വാർഷിക പൊതുയോഗത്തിൽ ജൂറി ചെയർമാൻ സിബി മലയിലാണ് പുരസ്കാരപ്രഖ്യാപനം നടത്തിയത്. സെപ്തംബർ ആദ്യവാരം കൊച്ചിയിൽ വെച്ച് നടക്കുന്ന മാക്ടയുടെ മുപ്പതാം വാർഷിക ആഘോഷച്ചടങ്ങിൽ വെച്ച് പുരസ്കാരം സമ്മാനിക്കും.

# എച്ച്ഡിഎഫ്സി എർഗോയുമായി ട്രൂകോളർ സഹകരിക്കുന്നു

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ജനറൽ ഇൻഷുറൻസ് കമ്പനിയായ എച്ച്ഡിഎഫ്സി എർഗോയുമായി ആഗോള കമ്മ്യൂണിക്കേഷൻ പ്ലാറ്റ്ഫോമായ ട്രൂകോളർ സഹകരിക്കുന്നു. ഇന്ത്യയിലെ ഡിജിറ്റൽ കമ്മ്യൂണിക്കേഷൻ തട്ടിപ്പുകൾക്കെതിരെ ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട പരിരക്ഷ നൽകുന്നത് ലക്ഷ്യമിട്ടാണ് ഇരുവരും സഹകരിക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.



# കൊച്ചിയിൽ എക്സ്പീരിയൻസ് സെന്ററുമായി ബ്ലും

**കൊച്ചി:** ഫർണിച്ചർ ഫിറ്റിംഗ് രംഗത്തെ ആഗോള ബ്രാൻഡായ ബ്ലും കൊച്ചിയിൽ പുതിയ എക്സ്പീരിയൻസ് സെന്റർ തുറന്നു. പലാരിവട്ടം എൻ.എച്ച് ബൈപാസിന് സമീപമുള്ള ചക്കാലയ്ക്കൽ ആർക്കയ്ഡിലുള്ള പുതിയ സെന്ററിന്റെ ഉദ്ഘാടനം ബ്ലും ഇന്ത്യ മാനേജിങ് ഡയറക്ടർ നദീം പാട്നി, ബ്ലും ഇന്ത്യ സെയിൽസ് ഡയറക്ടർ സമീർ വൈൻഗങ്കർ, ഡെനി മാർട്ടിൻ അസോസിയേറ്റ്സ് സ്ഥാപകൻ സജി ജോസ് എന്നിവർ ചേർന്ന് നിർവഹിച്ചു.

ലോകോത്തര നിലവാരമുള്ള ഫർണ്ണിച്ചർ ഫിറ്റിംഗുകളുടെയും ലിവിംഗ് സ്പെയിസ് സംവിധാനങ്ങളുടെയും വിശ്വസ്തരായ ഓസ്ട്രിയൻ കമ്പനിയായ ബ്ലുമിന്റെ കൊച്ചി സെന്റർ നടത്തുന്നത് ഡെനി മാർട്ടിൻ അസോസിയേറ്റ്സാണ്.പാലാരിവട്ടത്തെ പുതിയ എക്സ്പീരിയൻ സെന്ററിലൂടെ നൂതന ഫർണ്ണിച്ചർ ഫിറ്റിംഗ് ഉത്പന്നങ്ങളുടെ മേന്മ കൊച്ചി നിവാസികൾക്ക് അനുഭവിച്ചറിയാൻ സാധിക്കുമെന്നും കൊച്ചിയുടെ സാമ്പത്തിക, വാണിജ്യ, വ്യാവസായിക പ്രാധാന്യം കണക്കിലെടുത്താണ് ഇവിടെ എക്സ്പീരിയൻസ് സെന്റർ തുറന്നതെന്ന് നദീം പട്നി പറഞ്ഞു.

ദീർഘനാളായി ഫർണ്ണിച്ചർ ഫിറ്റിംഗ് രംഗത്ത് പ്രവർത്തിക്കുന്ന ആഗോള ബ്രൻഡായ ബ്ലും ഇന്ത്യയെ കൊച്ചിയിലെ ജനങ്ങൾക്ക് പരിചയപ്പെടുത്തുവാൻ സാധിച്ചതിൽ സന്തോഷമുണ്ടെന്നും ഇനി മുതൽ ലോക നിലവാരത്തിലുള്ള ഫർണ്ണിച്ചർ ഫിറ്റിംഗ്സ് കൊച്ചി നിവാസികൾക്ക് സ്വന്തം നാട്ടിൽ തന്നെ വാങ്ങുവാൻ ഡെനി മാർട്ടിൽ അസ്സോസിയേറ്റ്സ് സ്ഥാപകൻ സജി ജോസ് പറഞ്ഞു.

# സൂപ്പർ ലീഗ് കേരള: കൊച്ചി ടീമിനെ സ്വന്തമാക്കി നടൻ പൃഥ്വിരാജ്

**കൊച്ചി:** കേരളത്തിന്റെ പ്രഥമ ഫുട്ബോൾ ലീഗായ സൂപ്പർ ലീഗ് കേരളയുടെ ഭാഗമായ കൊച്ചി എഫ്.സിയുടെ ഉടമയായി നടൻ പൃഥ്വിരാജും ഭാര്യ സുപ്രിയ മേനോനും. കേരളത്തിലെ ഫുട്ബോളിനെ പ്രൊഫഷണൽ തലത്തിൽ ഉയർത്താനും താഴെക്കിടയിൽ ഫുട്ബോളിനെ വളർത്താനും സൂപ്പർ ലീഗ് കേരളക്ക് കഴിയുമെന്ന് പൃഥ്വിരാജ് പറഞ്ഞു. നമ്മുടെ നാട്ടിലെ മികച്ച കളിക്കാർക്ക് നിരവധി അവസരങ്ങൾ സൃഷ്ടിയ്ക്കുന്നതിനൊപ്പം നമ്മുടെ സംസ്ഥാനത്തിൻറെ കായിക സമ്പത്തിനെ മെച്ചപ്പെടുത്താൻ ഇത്തരമൊരു അന്താരാഷ്ട്ര ടൂർണമെന്റിനാവുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.നടൻ പൃഥ്വിരാജിന്റെ ലീഗിലെ പങ്കാളിത്തം യുവാക്കൾക്കിടയിൽ ടൂർണമെന്റിന് വലിയ പ്രചോദനവും ഊർജവും പകരുമെന്ന് സൂപ്പർ ലീഗ് കേരളയുടെ സിഇഒ മാത്യു ജോസഫ് പറഞ്ഞു. ഈ വർഷം ഓഗസ്റ്റ് അവസാനം മുതൽ ആരംഭിക്കുന്ന 60 ദിവസം നീണ്ടുനിൽക്കുന്ന സൂപ്പർ ലീഗ് കായിക കേരളത്തിന് ആവേശമാകുമെന്നും അദ്ദേഹം പറഞ്ഞു.ആഗോള ഫുട്ബോൾ കളിയാവേശങ്ങൾക്ക് സമാനമായി കേരളത്തിലും വരുന്ന സൂപ്പർ ലീഗ് കേരള പ്രതീക്ഷയോടെയാണ് കാണുന്നതെന്ന് സുപ്രിയ മേനോൻ പറഞ്ഞു. ലോകം തന്നെ അത്ഭുതത്തോടെ നോക്കുന്ന ഫുട്ബോൾ ആരാധകരുള്ള സ്ഥലമാണ് കേരളം, അവിടെ നടക്കുന്ന ആദ്യ ഫുട്ബോൾ ലീഗിൽ കൂടുതൽ വനിതാ കായിക പ്രേമികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾക്ക് തൻറെ പിന്തുണയുണ്ടാകുമെന്നും സുപ്രിയ പറഞ്ഞു.സൂപ്പർ ലീഗ് കേരളയുടെ ഭാഗമായി നടൻ പൃഥ്വിരാജിൻറെ സാന്നിധ്യം ലീഗിനെ കൂടുതൽ ആകർഷണീയമാക്കുമെന്നും ലോകമെമ്പാടുമുള്ള മലയാളികൾ ലീഗിൻറെ ഭാഗമാകാൻ ഇത് പ്രചോദനമാകുമെന്ന് സൂപ്പർ ലീഗ് കേരള മാനേജിംഗ് ഡയറക്ടർ ഫിറോസ് മീരാൻ പറഞ്ഞു.



കൊച്ചി, തിരുവനന്തപുരം, കോഴിക്കോട്, തൃശൂർ, കണ്ണൂർ, മലപ്പുറം എന്നിവിടങ്ങളിലെ ആറ് ടീമുകളാണ് ആദ്യ സീസണിൽ സൂപ്പർ ലീഗിൽ മാറ്റുരയ്ക്കുകയെന്നും അദ്ദേഹം പറഞ്ഞു.ഇത്തരം നിക്ഷേപങ്ങൾ കേരള ഫുട്ബോളിനും നമ്മുടെ സംസ്ഥാനത്തിൻറെ കായിക സമ്പദ് വ്യവസ്ഥയ്ക്കും ഉത്തേജനമാണ്. മറ്റ് വ്യവസായങ്ങളിൽ നിന്നുള്ള കൂടുതൽ പങ്കാളിത്തം കായികരംഗത്തെ അടുത്ത തലത്തിലേക്ക് വളരാൻ സഹായിക്കുമെന്ന് കെഎഫ്എ പ്രസിഡൻറ് നവാസ് മീരാൻ അഭിപ്രായപ്പെട്ടു.നസ്ലി മുഹമ്മദ്, പ്രവീഷ് കുഴിപ്പള്ളി, ഷമീം ബക്കർ, മുഹമ്മദ് ഷൈജൽ എന്നിവരാണ് കൊച്ചി എഫ്സി ടീമിൻറെ സഹ ഉടമകൾ.

# നോർവെയിൽ നിന്നും കാർഗോ വെസൽ നിർമ്മാണ കരാർ നേടി യുസിഎസ്എൽ

**കൊച്ചി :** ഇന്ത്യയിലെ പ്രമുഖ കപ്പൽ ശാലയായ കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഉപസ്ഥാപനമായ ഉടുപ്പി കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ്, നോർവേയിലെ വിൽസൺ എ.എസ്.എ, യിൽ നിന്ന് 4 യാനങ്ങൾ രൂപകൽപനചെയ്ത് നിർമിക്കുന്നതിനുള്ള അന്താരാഷ്ട്ര ഓർഡർ നേടി. 6300 ഠളണ ഡ്രൈ കാർഗോ വെസ്സലുകൾ നിർമ്മിക്കുന്നതിനുള്ള കരാർ ആണ് കപ്പൽ ശാല കരസ്ഥമാക്കിയത്. ആറ് 3800 TDW ഡ്രൈ കാർഗോയുടെ രൂപകൽപ്പനയ്ക്കും നിർമ്മാണത്തിനുമായി 2023 ജൂണിൽ ലഭിച്ച കരാറിന്റെ നിർവഹണ മികവിന്റെ തുടർനടപടിയായിട്ടാണ് പുതിയ കരാർ ലഭിച്ചിരിക്കുന്നത്. ഈ യാനങ്ങളുടെ നിർമ്മാണം കർണ്ണാടകയിലെ ഉഡുപ്പിയിലുള്ള യാർഡിൽ ഇപ്പോൾ പുരോഗമിക്കുന്നു. 2024 സെപ്റ്റംബർ 19നകം ഔപചാരികമായി കരാറിൽ ഒപ്പു വയ്ക്കും. സമാന തരത്തിലുള്ള 4 കപ്പലുകൾ നിർമ്മിക്കുന്നതിനുള്ള തുടർ കരാറിനുള്ള വ്യവസ്ഥയും നിലവിലെ കരാറിൽ ഉണ്ട്.100 മീറ്റർ നീളമുള്ള കപ്പലിന് 6.5 മീറ്റർ ഡിസൈൻ ഡ്രാഫ്റ്റിൽ 6300 മെട്രിക് ടൺ ഭാരം ഉണ്ട്. നെതർലാൻഡിലെ കൊനോഷിപ്പ് ഇന്റർനാഷണൽ ആണ് കപ്പലുകൾ രൂപകൽപ്പന ചെ



യ്തിരിക്കുന്നത്, കൂടാതെ യൂറോപ്പിലെ തീരക്കടലിൽ പൊതു ചരക്ക് ഗതാഗതത്തിനായി പരിസ്ഥിതി സൗഹൃദ ഡീസൽ ഇലക്ട്രിക് യാനങ്ങൾ നിർമ്മിക്കുക എന്ന പദ്ധതിയുടെ ഭാഗമായി കപ്പൽ ശാലയെ തിരഞ്ഞെടുത്തിരിക്കുന്നത് രാജ്യത്തിന് അഭിമാനിക്കാവുന്ന നേട്ടമാണ്. 8 കപ്പലുകളുടെ മൊത്തത്തിലുള്ള പ്രോജക്റ്റിന് ഏകദേശം 1,100 കോടിരൂപയാണ് മൂല്യം. 2028 സെപ്റ്റംബറിനകം നിർമ്മാണം പൂർത്തിയായി യാനങ്ങൾ കൈമാറ്റം ചെയ്യാൻ കഴിയും.നോർവേയിലെ ബെർഗനിൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന വിൽസൺ എഎസ്എ, യൂറോപ്പിലെ പ്രമുഖ ഷോർട്ട് സീ ഫ്ലീറ്റ് ഓപ്പറേറ്ററാണ്, കൂടാതെ യൂറോപ്പിലുടനീളം ഏകദേശം 15 ദശലക്ഷം ടൺ ഡ്രൈ കാർഗോ എത്തിക്കുന്നു. 1500 മുതൽ 8500 DWT വരെയുള്ള 130 ഓളം കപ്പലുകൾ ഈ കപ്പൽ കമ്പനിയുടെ ഉടമസ്ഥതയിൽ പ്രവർത്തിപ്പിക്കുന്നു.കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ് യുസിഎസ്എൽ യാർഡ് ഏറ്റെടുത്തതിനുശേഷം, യുസിഎസ്എൽ രണ്ട് 62ഠ ബൊള്ളാർഡ് പുൾ ടഗുകൾ ഓഷ്യൻ സ്പാർക്കിൾ ലിമിറ്റഡ് (ഒരു അദാനി ഹാർബർ സർവീസസ് ലിമിറ്റഡ് കമ്പനി) നും, ഒരു 70ഠ ബൊള്ളാർഡ് പുൾ ടഗ് പോൾസ്റ്റാർ മാരിടൈം ലിമിറ്റഡിനുമായി നിർമ്മിച്ച് നൽകി. ആത്മനിർഭർഭാരത് സംരംഭത്തിന് കീഴിൽ ഇന്ത്യൻ തുറമുഖങ്ങൾക്കായി ഇന്ത്യാ ഗവൺമെന്റ് പ്രഖ്യാപിച്ച ഡിസൈനും സ്പെസിഫിക്കേഷനുകളും പ്രകാരം നിമ്മിച്ച യാനങ്ങളുടെ നിർമ്മാണ മികവിനാൽ,

ഓഷ്യൻ സ്പാർക്കിൾ ലിമിറ്റഡ്, പോൾസ്റ്റാർ മാരിടൈം ലിമിറ്റഡ്, എന്നിവയിൽ നിന്ന് ആവർത്തിച്ചുള്ള 70ഠ ബൊള്ളാർഡ് പുൾ ടഗുകളുടെ ഓർഡറുകൾ യുസിഎസ്എല്ലിന് ലഭിച്ചു.

# എംഎസ്എംഇകൾക്ക് ആദരവുമായി ആക്സിസ് ബാങ്ക്

**കൊച്ചി:** മൈക്രോ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ (എംഎസ്എംഇ) മേഖലയ്ക്കുള്ള ആദരസൂചകമായി ആക്സിസ് ബാങ്ക് കേരളത്തിലെ 150ലധികം എംഎസ്എംഇ ഉപഭോക്താക്കളെ അന്താരാഷ്ട്ര എംഎസ്എംഇ ദിനത്തിൽ ആദരിച്ചു. കൊച്ചി, കോഴിക്കോട്, പാലക്കാട്, എറണാകുളം, തിരുവനന്തപുരം, തൃശൂർ അടക്കം തിരഞ്ഞെടുത്ത ആക്സിസ് ബാങ്ക് ശാഖകളിലാണ് ആദരിക്കൽ ചടങ്ങ് സംഘടിപ്പിച്ചത്.ആക്സിസ് ബാങ്ക് റീജിയണൽ ബ്രാഞ്ച് ബാങ്കിംഗ് ഹെഡ് സൗത്ത് 1 ബൈശാഖി ബാനർജി, സർക്കിൾ ഹെഡ് എസ് ബിന്ദീഷ് എന്നിവർ എംഎസ്എംഇ ഉപഭോക്താക്കൾക്ക് സർട്ടിഫിക്കറ്റുകൾ സമ്മാനിക്കുകയും സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിൽ അവർ നൽകിയ സംഭാവനകളെ ആദരിക്കുകയും ചെയ്തു. റിലേഷൻഷിപ്പ് മാനേജർമാർ ഏതാനും ചില എംഎസ്എംഇ ഉപഭോക്താക്കളെ അവരുടെ ബിസിനസ് സ്ഥാപനത്തിലെത്തിയും ആദരിച്ചു.എംഎസ്എംഇകൾക്കായി ബാങ്ക് എക്സ്ക്ലൂസീവ് ഓഫറുകളും പ്രഖ്യാപിച്ചു. സുരക്ഷിതമായ പ്രവർത്തന മൂലധന ഉൽപ്പന്നങ്ങൾക്കുള്ള പ്രോസസ്സിംഗ് ഫീസിൽ 50% കിഴിവോടെ നിലവിലുള്ള ഉപഭോക്താക്കൾക്ക് ബാങ്ക് പ്രീ ക്വാളിഫൈഡ് ഓഫറുകൾ നീട്ടി. ഇത് എംഎസ്എംഇകൾക്ക് മത്സരാധിഷ്ഠിത പലിശ നിരക്കിലും കുറഞ്ഞ പ്രോസസ്സിംഗ് ഫീയിലും ഇഎംഐ അടിസ്ഥാനത്തിൽ വായ്പകളും വാഗ്ദാനം ചെയ്തു.

ഇന്ത്യയുടെ സാമ്പത്തിക രംഗത്ത് എംഎസ്എംഇകൾ വഹിക്കുന്ന നിർണായക പങ്ക് തിരിച്ചറിഞ്ഞ് അവരെ പ്രോത്സാഹിപ്പിക്കുന്നതിനും പിന്തുണയ്ക്കുന്നതിനും ആക്സിസ് ബാങ്ക് പ്രതിജ്ഞാബദ്ധമാണെന്ന് ആക്സിസ് ബാങ്ക് പ്രസിഡന്റും ബ്രാഞ്ച് ബാങ്കിംഗ് മേധാവിയുമായ അർണിക ദീക്ഷിത് പറഞ്ഞു. ആക്സിസ് ബാങ്ക് എംഎസ്എംഇ ഉപഭോക്താക്കളെ അവരുടെ വികസിച്ചുകൊണ്ടിരിക്കുന്ന ബിസിനസ്സ് ആവശ്യങ്ങൾ നിറവേറ്റുന്നതിനും ഉപഭോക്തൃ അനുഭവം മെച്ചപ്പെടുത്തുന്നതിനുമായി ഓഫറുകളും സഹായങ്ങളും നൽകി സഹകരിച്ചുവരുന്നതായും അർണിക ദീക്ഷിത് കൂട്ടിച്ചേർത്തു



# ഹെൽത്ത് പ്രിവിലേജ് കാർഡ്: വിതരണോദ്ഘാടനം നടന്നു

**കൊച്ചി:** എറണാകുളം പ്രസ് ക്ലബ് അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കുമായി വിവിധ ആശുപത്രികളുമായി ചേർന്ന്

ഏർപ്പെടുത്തിയ ഹെൽത്ത് പ്രിവിലേജ് കാർഡിന്റെ വിതരണോദ്ഘാടനം ഐ.എം.എ പ്രസിഡന്റ് ഡോ.എം.എം. ഹനീഷ് നിർവഹിച്ചു. ആസ്റ്റർ മെഡ് സിറ്റി, രാജഗിരി ആശുപത്രി, ലേക് ഷോർ ആശുപത്രി, കിൻഡർ ആശുപത്രി എന്നിവയുമായി സഹകരിച്ചാണ് പ്രസ് ക്ലബ് പദ്ധതി തയാറാക്കിയിരിക്കുന്നത്. പ്രസ് ക്ലബ് പ്രസിഡന്റ് എം.ആർ. ഹരികുമാർ അധ്യക്ഷത വഹിച്ചു. ആസ്റ്റർ മെഡ് സിറ്റി ഹെഡ് ഓപറേഷൻസ് ധന്യ ശ്യാമളൻ, ലേക് ഷോർ ഹോസ്പിറ്റൽ ചീഫ് ഓപറേറ്റിങ് ഓഫിസർ ജയേഷ് വി. നായർ, രാജഗിരി ഹോസ്പിറ്റൽ കോർപറേറ്റ് ആൻഡ് ഇൻഷുറൻസ് മാനേജർ ഡോ. നാഗേഷ് പി. മല്ലയ്യ, കിൻഡർ ഹോസ്പിറ്റൽ ചീഫ് ഓപറേറ്റിങ് ഓഫിസർ സതീഷ് കുമാർ, പ്രസ് ക്ലബ് സെക്രട്ടറി എം.സൂഫി മുഹമ്മദ്, ട്രഷറർ മനു ഷെല്ലി എന്നിവർ സംസാരിച്ചു.

# പുതിയ ഫോൾഡബിൾ സ്മാർട്ഫോണുകളുമായി സാംസങ്

**കൊച്ചി:** അടുത്ത തലമുറ ഗാലക്സി ഇസഡ് സ്മാർട്ട്ഫോണുകളുടെ ലോഞ്ച് പ്രഖ്യാപിച്ച് സാംസങ്. ജൂലൈ 10ന് പാരിസിൽ നടക്കുന്ന ആഗോള 'ഗാലക്സി അൺപാക്ക്ഡ്' ലോഞ്ച് ഇവന്റിൽ പുതിയ ഫോൾഡിബിൾ സ്മാർട്ട്ഫോണുകളും അനുബന്ധ ഇക്കോസിസ്റ്റം ഉപകരണങ്ങളും കമ്പനി അവതരിപ്പിക്കും.

ഗാലക്സി ഇസഡ് സീരീസിലും മുഴുവൻ ഗാലക്സി ഇക്കോസിസ്റ്റത്തിലും എഐ സവിശേഷതകൾ ലഭ്യമാകുമെന്ന് കമ്പനി അധികൃതർ വാർത്താ കുറിപ്പിൽ അറിയിച്ചു. മൊബൈൽ എഐയുടെ ഒരു പുതിയ ഘട്ടത്തിലേക്ക് കടക്കുമ്പോൾ സാധ്യതകളുടെ ഒരു ലോകത്തിന് തയ്യാറാകൂവെന്നും അധികൃതർ കൂട്ടിച്ചേർത്തു. ഗ്ലോബൽ അൺപാക്ക്ഡ് ഇവന്റിന് മുന്നോടിയായി, വരാനിരിക്കുന്ന ഫോൾഡബിൾ മോഡലുകളിൽ ഗാലക്സി എഐ ഫീച്ചർ ഒപ്റ്റിമൈസ് ചെയ്യുമെന്നും ഇത് ഉപയോക്താക്കൾക്ക് തികച്ചും പുതിയതും അതുല്യവുമായ എഐ അനുഭവം നൽകുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.സാംസങ് ഗാലക്സി സീരിസിലെ ഏറ്റവും പുതിയതും മികച്ചതുമായ ഹാർഡ്വെയർ ഡിസൈനാണ് സാംസങ് ഫോൾഡബിളുകളെന്നും ഗാലക്സി എഐ സാങ്കേതികവിദ്യയും ഇതിൽ സംയോജിപ്പിച്ചിരിക്കുന്നതിനാൽ ഇത് അനന്തമായ പുതിയ സാധ്യതകൾ തുറക്കുമെന്നും സാംസങ് ഇലക്ട്രോണിക്സ് ഇവിപിയും മൊബൈൽ ആർ ആൻഡ് ഡി ഹെഡുമായ വോൺജൂൺ ചോയി പറഞ്ഞു.




# ഇളനീർ ഐസ്ക്രീം വിപണിയിലിറക്കി മിൽമ

**കൊച്ചി:** ഐസ്ക്രീം പ്രീമിയം വിഭാഗത്തിലുള്ള ഇളനീർ ഐസ്ക്രീം മിൽമഎറണാകുളം മേഖലാ യൂണിയൻ വിപണയിൽ ഇറക്കി. ബോൾഗാട്ടിയിലെ ഹോട്ടൽ ഹയാത്തിൽ നടക്കുന്ന രാജ്യന്താര ഏഷ്യപസിഫിക് ഇൻറർനാഷണൽ ഡെയറി കോൺഫറൻസിൽ നടന്ന ചടങ്ങിൽ മന്ത്രി ജെ ചിഞ്ചുറാണി പുതിയ ഐസ്ക്രീമിൻറെ വിപണന കർമ്മം നിർവഹിച്ചു.മിൽമ എറണാകുളം മേഖലാ യൂണിയൻ ചെയർമാൻ എം.ടി.ജയൻ ചടങ്ങിന് ആതിഥേയത്വം വഹിച്ചു. മിൽമ ഫെഡറേഷൻ ചെയർമാൻ കെ.എസ്.മണി, തിരുവനന്തപുരം മേഖലാ യൂണിയൻ ചെയർമാൻ മണി വിശ്വനാഥ്, മിൽമ സംസ്ഥാന ഫെഡറേഷൻ മാനേജിംഗ്ഡയറക്ടർ ആസിഫ്.കെ.യൂസഫ്, നാഷണൽ ഡെയറി ഡെവലപ്പ്മെൻറ് ബോർഡ് ഡെപ്യൂട്ടി ജനറൽ മാനേജർ റോമിജേക്കബ്ബ് , മിൽമ എറണാകുളം മേഖലാ യൂണിയൻ മാനേജിംഗ് ഡയറക്ടർ വിൽസൺ ജെ പുറവക്കാട്ട്, മിൽമ ഭരണസമിതിഅംഗങ്ങൾ, എൻഡിഡിബി ഉദ്യോഗസ്ഥർ, ഐഡിഎഫ് ഭാരവാഹികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

